709326

**D 135168** **(Pages : 3)** **Name.......................................**

**Reg. No...................................**

## FIRST SEMESTER (CBCSS–UG) DEGREE EXAMINATION, NOVEMBER 2025

B.A./B.Sc.

(2019 Syllabus)

Malayalam

MAL 1A 07(1)—MALAYALA SAHITHYAM – I

Time : Two Hours and a Half Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 25.

1. "തിങ്കളെക്കണ്ടൊരു രാഹുവെപ്പോലെ താൻ
   ശങ്ക കളഞ്ഞങ്ങെടുത്തു പിന്നെ"
   —വിവക്ഷിതം എന്ത് ?
2. "പുത്രവാത്സല്യം ദശരഥൻ തന്നോളം
   മർത്ത്യരിലാർക്കുമില്ലിന്നലെയോളവും
   —ഇപ്രകാരം പറയാനുള്ള കാരണമെന്ത് ?
3. "കുങ്കുമത്തിന്റെ ഗന്ധമറിയാതെ
   കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം"
   —ആശയം എന്ത് ?
4. "ഇങ്ങനെയുള്ള വനവനിതലങ്ങളി-
   ലെങ്ങാനും പുനരുണ്ടെന്നാകിൽ
   അവനെ വരുത്തുവിനാദരവോടേ"
   —ആര് ആരോടാണ് ഇപ്രകാരം പറയുന്നത് ? സന്ദർഭം ഏത് ?
5. "പുത്തൂരം പെണ്ണുങ്ങളിന്നാരാനും
   ആണിനെക്കൊല്ലിച്ചു കേട്ടിട്ടുണ്ടോ ?"
   —ഇപ്രകാരം പറയാനുള്ള കാരണമെന്ത് ?

**Turn over**

709326

709326



6. "വല്ലികൾക്കവിടേക്ക് വരാൻ പാടുണ്ടോ ? ഉടനെ

   വരുകിൽ കണ്ടിടാൻ വല്ല നിവൃത്തിയുണ്ടോ ?"

   –സൂചിതമെന്ത് ?

7. പാക്കനാരും ജൻമിയും തമ്മിലുള്ള സംഭാഷണത്തിന്റെ പ്രത്യേകത എന്താണ് ?

8. "സ്വന്തം കൈയ്ക്കുള്ളിലിരിക്കുന്ന രത്നം ആരെങ്കിലും

   അയൽ മുറ്റത്തേക്കെറിഞ്ഞു കൊടുക്കുമോ ?"

   –വിവക്ഷിതം വ്യക്തമാക്കുക.

9. തുപ്പൻ നമ്പൂതിരി, കുഞ്ചുനായർക്ക് പെട്ടകം സമ്മാനിച്ചത് എന്തുകൊണ്ടാണ് ?

10. "ബസ്സ് രണ്ട് വളവുതിരിഞ്ഞപ്പോൾ ഓർമ്മ പെട്ടെന്ന് എന്നെ ഞെട്ടിച്ചു. വർഷങ്ങൾക്കു മുമ്പ് ഒരു സന്ധ്യയ്ക്കാണതുണ്ടായത് "–സൂചന എന്താണ് ?

11. സാക്ഷിയുടെ അമ്മ ഗൾഫിൽ പോയതെന്തിനാണ് ?

12. "അവിടെ പോകാൻ പാടില്ല. ഉമ്മയുടെ കല്പനയാണ് "–എവിടെ ? എന്തുകൊണ്ട് ?

13. "ശരീരത്തിന്റെ കൊതികളിൽ നിന്ന് സാത്താൻ പിടിച്ച പെണ്ണിനെപ്പോലെ താൻ രക്ഷപ്പെടാതെ പോയത് എന്ത് ? –വീട്ടമ്മ ഇത്തരത്തിൽ ചോദിക്കാനുള്ള കാരണമെന്ത് ?

14. "ആ കൊച്ചുവാചകം ഏകാന്തതയുടെ മരുഭൂമിയാകെ നനച്ചു"–ആശയം വ്യക്തമാക്കുക.

15. "ഇതിനൊരച്ഛന്റെ ഫലമുണ്ട് – ആരാണ് ഇപ്രകാരം പറഞ്ഞത് ? എന്തിനെക്കുറിച്ച് ?

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ.

പരമാവധി മാർക്ക് 35.

16. "നിത്യം വനാന്തേ നടക്കെന്നു കല്പിച്ച

    പൃഥീശചിത്തം കഠോരമത്രേ തുലോം"

    –സന്ദർഭം വിവരിക്കുക.

17. "വല്ലോരും ഫസാദുന്നുന്നത് കേട്ട് മുഷിക്കേണ്ട

    വടിവുറ്റോരുമൈ എന്നെ ഉപേക്ഷിക്കേണ്ടാ"

    —ആശയം വ്യക്തമാക്കുക.

18. കൃഷ്ണൻ കാളിയനെ മർദ്ദിക്കാനുള്ള കാരണം എന്താണെന്ന് വെളിവാക്കുക.

19. മകളെ വരിക്കുന്നവന് എന്തൊക്കെ ഗുണഗണങ്ങൾ വേണമെന്നാണ് രാജാവ് കുണ്ഡിനവാസികളോട് പറയുന്നത് ?

709326

709326



20. "ഇത്ഥമോരോന്ന് ചിന്തിച്ചിരിക്കവേ

    ചത്തു പോകുന്നു പാവം ശിവ ശിവ"

    –എന്താണ് ചിന്തിച്ചിരിക്കുന്നത് ?

21. വേറിട്ടു നിൽക്കുന്ന സ്ത്രീപക്ഷ ചിന്തകൾ "ഡബിൾ ആക്ടിൽ" അനാവരണം ചെയ്യപ്പെടുന്നതെങ്ങനെ ?

22. വീട്ടിൽ നിന്നും ഇറങ്ങിയ സാക്ഷിയെ അലട്ടിയ ചിന്തകൾ എന്തൊക്കെയായിരുന്നു ?

23. 'ഒട്ടുചെടി' എന്ന കഥയുടെ ശീർഷകം സാർത്ഥകമാകുന്നതെങ്ങനെ ?

(35 marks)

## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. "കർത്തവ്യബോധവും നിശ്ചയദാർഢ്യവും ആത്മവിശ്വാസവുമുള്ള വ്യക്തിത്വത്തിനുടമയാണ് ഉണ്ണിയാർച്ച" പാഠഭാഗത്തെ ആസ്പദമാക്കി വിലയിരുത്തുക.

25. കുഷ്ഠരോഗം കുടുംബത്തിലും വ്യക്തികളിലുമുണ്ടാക്കുന്ന ആത്മസംഘർഷങ്ങളെ ആഴത്തിൽ അനാവരണം ചെയ്യുന്ന കഥയാണ് 'ഉള്ളുരുക്കം'–വിശകലനം ചെയ്യുക.

26. വാർദ്ധക്യത്തിലെ ഏകാകിത സൃഷ്ടിക്കുന്ന സങ്കടങ്ങളിൽ നിന്നുമുള്ള മോചനമാണ് 'മോതിര'ത്തിൽ ആവിഷ്ക്കരിക്കപ്പെടുന്നത്—ശരിയോ ?

27. വേദാന്തചിന്തകളെ സാമാന്യ ജീവിതത്തോട് ഇഴ പാകിയാണ് ജ്ഞാനപ്പാനയിൽ അവതരിപ്പിച്ചിരിക്കുന്നത് –പരിശോധിക്കുക.

($2 \times 10 = 20$ marks)

709326